നീര ഉൽപ്പാദന ഉത്ഘാടനവും ആദ്യലൈസൻസ് വിതരണവും 2 ന് കോട്ടയത്ത്

കോട്ടയം: നാളികേര വികസന ബോർഡിന്റെയും സംസ്ഥാന എക്സൈസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നീരയുത്പാദനത്തിനും, നീര സംസ്കരണത്തിനുശേഷം വിപണിയിലെത്തിക്കുന്ന വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും വിപണന ഉത്ഘാടനം മാർച്ച് 2 ന് രാവിലെ 10.30 ന് കോട്ടയം ബി. സി. എം. കോളജ് ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിക്കും.

ചടങ്ങിൽ മന്ത്രി കെ.ബാബു അദ്ധ്യക്ഷത വഹിക്കും. വിവിധ ഏജൻസികൾക്കുള്ള നീര യുത്പാദന ലൈസൻസ് വിതരണവും മുഖ്യമന്ത്രി നിർവ്വഹിക്കും. മന്ത്രി കെ.എം.മാണി മുഖ്യപ്രഭാഷണവും നീരയിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ ആദ്യവിപണനവും നിർവഹിക്കും.

ബോർഡിന്റെ ധനസഹായത്തോടെ നീരയുത്പാദനത്തിലും സംസ്കരണത്തിലും ഗവേഷണം നടത്തുന്ന കളമശ്ശേരി എസ്.സി.എം.എസ് പരിശീലനം നല്കിയ നീര ടെക്നീഷ്യന്മാർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിക്കും, മന്ത്രി കെ.പി.മോഹനൻ നീര ഉത്പാദന ഉപകരണങ്ങൾ വിതരണം ചെയ്യും, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ.ജോസ് നീരയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളേയും അധികരിച്ച് വിഷയാവതരണം നടത്തും. എക്സൈസ് വകുപ്പിന്റെ നിയമവശങ്ങൾ ജോയിന്റ് എക്സൈസ് കമ്മീഷണർ ആർ.കെ.ശ്രീകുമാരൻ ചെട്ടിയാർ വിശദീകരിക്കും. എം.പി, .ജോസ്.കെ. മാണി, എം.എൽ.എ.സുരേഷ് കുറുപ്പ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, കാർഷിക ഉത്പാദന കമ്മീഷണർ സുബ്രതാ വിശ്വാസ് , വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്.കുര്യൻ, കൃഷി വകുപ്പ് സെക്രട്ടറി കെ. ആർ.ജ്യോതിലാൽ, ജില്ലാ കളക്ടർ അജിത്കുമാർ, മുനിസിപ്പൽ ചെയർമാൻ എം.പി.സന്തോഷ്കുമാർ, കൃഷി വകുപ്പ് ഡയറക്ടർ ആർ. അജിത്കുമാർ, കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ.പി.രാജേന്ദ്രൻ, അസോസിയേറ്റ് ഫാം ഡയറക്ടർ ഡോ.വി.കെ,രാജു, കേരള ട്രോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ എൻ.അഴകേശൻ, കർഷക പ്രതിനിധി ബാബു ജോസഫ്, കണ്ണൂർ തേജസ്വിനി കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി പ്രതിനിധി സണ്ണി ജോർജ്ജ്, എസ്സ്.സി.എം.എസ്സ് ഗ്രൂപ്പ് ചെയർമാൻ ഡോ.ജി.പി.സി.നായർ, വാർഡ് കൗൺസിലർ സിൻസി പാറയിൽ മറ്റ് ജനപ്രതിനിധികൾ, നീര കമ്മിറ്റി മെമ്പർമാർ എന്നിവരും ചടങ്ങിൽ പങ്കെടുക്കും. ചടങ്ങിൽ എക്സൈസ് കമ്മീഷണർ അനിൽ സേവ്യർ, സ്വാഗതവും നാളികേര വികസന ബോർഡ് ഡയറക്ടർ കെ.മുരളീധരൻ നന്ദിയും പറയും.